പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4720

27/06/2014- ൽ **മറുപടിക്ക്**

## ശുചീകരണത്തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം<br>ശ്രീ. എ.എ.അസീസ് | | ഉത്തരം<br>ശ്രീ മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ എത്ര സി.എൽ.ആർ വിഭാഗത്തിൽപ്പെട്ട ശുചീകരണത്തൊഴിലാളികളാണ് പണിയെടുക്കുന്നതെന്ന് അറിയിക്കുമോ | (എ) | അറുപത്തിനാല്. |
| (ബി | ഇവരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമെടുത്തുവെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്, മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് നഗരസഭയിൽ കണ്ടിജൻസി തസ്തികകൾ 175 എണ്ണം അധികമായി അനുവദിക്കേണ്ടതാണെന്നും അതുവഴി ഉണ്ടാകുന്ന അധിക ബാധ്യത വഹിക്കാൻ കോർപ്പറേഷൻ തയ്യാറാണെന്നും കൊല്ലം നഗരസഭ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. 26/11/2012 ലെ കൌൺസിൽ തീരുമാനപ്രകാരം അധിക തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത വഹിക്കാൻ കോർപ്പറേഷൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭാവിയിൽ നഗരസഭയ്ക്കും, സർക്കാരിനും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ പ്രസ്തുത ശുപാർശ സർക്കാർ നിരസിച്ചിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് 2/6/2014 ന് സർക്കാരിൽ നിവേദനം വീണ്ടും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി . സ്വീകരിക്കുമോ; | (ഡി) | കണ്ടിജന്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് 22/4/1982 ലെ ജി.ഒ(എം.എസ്) 14/82/എൽ.ബി.ആർ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരാകുന്നവരെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥിരം തസ്തികകളിലേക്ക് നിയമനം നൽകുന്ന രീതിയാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ